# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733370

## വാർത്താക്കുറിപ്പ്

**2023 ഡിസംബർ 12**

---

## സ്പീച്ച് തെറാപ്പി സേവനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിലെ(ഐ.യു.സി.ഡി.എസ്) ഡിസെബിലിറ്റി റീഹാബിലിറ്റേഷൻ ഏർളി അസസ്സ്മെൻറ് ആൻറ് മാനേജ്മെൻറ് സർവീസസ്(ഡ്രീംസ്) ക്ലിനിക്കിൽ സ്പീച്ച് തെറാപ്പിയും അഞ്ചു വയസ്സിനു മുകളിലുള്ള ഭിന്നശേഷിക്കാർക്ക് വെർച്വൽ റിയാലിറ്റി ലാബ്(ഓട്ടികെയർ)ൻറെ സേവനവും ലഭിക്കും.

തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം നാലു വരെയാണ് സമയം. ഫോൺ: 8891391580

(പി.ആർ.ഒ/39/1444/2023)

## ഡിഗ്രി ലെവൽ സൗജന്യ പി.എസ്.സി പരീക്ഷാ പരിശീലനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ യൂണിവേഴ്സിറ്റ് എംപ്ലോയ്മെൻ്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ 22 ദിവസത്തെ ഡിഗ്രി ലെവൽ പി.എസ്.സി പരീക്ഷാ സൗജന്യ പരിശീലന പരിപാടി ഡിസംബർ 20ന് ആരംഭിക്കും. ഫോൺ: 0481-2731025

(പി.ആർ.ഒ/39/1445/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.സി.ജെ, എം.ടി.എ, എം.എച്ച്.എം, എം.എം.എച്ച്, എം.എസ്.ഡബ്ല്യു, എം.ടി.ടി.എം(സി.എസ്.എസ് - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2022 അഡ്മിഷനുകൾ സപ്ലിമെൻററി), ഒന്നാം സെമസ്റ്റർ എം.എൽഐബി.ഐ.എസ്.സി(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020-2022 അഡ്മിഷൻ സപ്ലിമെൻററി)

പരീക്ഷകൾക്ക് ഇന്നു(ഡിസംബർ 13) മുതൽ ഡിസംബർ 19 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഡിസംബർ 20ന് പിഴയോടു കൂടിയും 21ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
......................

നാലാം സെമസ്റ്റർ എം.സി.എ(20172019 അഡ്മിഷനുകൾ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്-അഫിലിയേറ്റഡ് കോളേജുകൾ, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്-അഫിലിയേറ്റഡ് കോളേജുകളും സീപാസും, 2012-2014 അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസ്, ലാറ്ററൽ എൻട്രി - 2018,2019 അഡ്മിഷൻ സപ്ലിമെൻററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014,2015 അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഡിസംബർ 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

പിഴയോടു കൂടി ഡിസംബർ 19നും സൂപ്പർ ഫൈനോടു കൂടി ഡിസംബർ 20നും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1446/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**